

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മാർഗ്ഗ രേഖ

## ജൂൺ-2025

| | | |
|---|---|---|
| **സ്കൂൾ** | **:** | **G V & HSS പൂവച്ചൽ** |
| **വിദ്യാഭ്യാസ ജില്ല** | **:** | **നെയ്യാറ്റിൻകര** |
| **ഉപജില്ല** | **:** | **കാട്ടാക്കട** |
| **റവന്യൂ ജില്ല** | **:** | **തിരുവനന്തപുരം** |
| **വർഷം** | **:** | **2025-26** |

# <u>ഉള്ളടക്കം</u>


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം,ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

<u>അനുബന്ധം</u>

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ്, പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ.
2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം,മുൻവർഷം)
3. കുട്ടികളുടെ എണ്ണം – മുൻ വർഷങ്ങളിൽ
4. എസ്.എസ്.എ / ആർ.എം.എസ്.എ. പദ്ധതിയ്ക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

# ആമുഖം

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന  പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വേറിട്ടപ്രവർത്തനങ്ങളെ നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ, അവിടെ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ വളരെ മികച്ചതാണ്.  സമൂഹത്തിൽ സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന പൊതു വിദ്യാലയങ്ങളെ ശക്തിപ്പെടുത്തേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണ്.  ഇത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന പ്രതിജ്ഞാ ബദ്ധമായ ഒരു വിദ്യാലയമാണ് നമ്മുടേത്.  കഴിഞ്ഞ വർഷം ഒരു പൊതു വിദ്യാലയത്തിന് അഭിമാനിക്കാൻ തക്കവണ്ണം ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു.  ഈ നേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച ഹെഡ് മാസ്റ്റർ, പ്രിൻസിപ്പാൾ, പി.റ്റി.എ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുജനങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.  2025 മാർച്ചിലെ SSLC പരീക്ഷയിൽ 100% വിജയം ലഭിക്കുകയും, 2 കുട്ടികൾക്ക് എല്ലാ വിഷയത്തിനും A+ കൈവരിച്ച്, അരുവിക്കര നിയോജകമണ്ഡലത്തിലെ  ഉന്നത വിജയം കൈവരിച്ച സ്കൂളുകളിൽ ഒരു സ്കൂളായി മാറാൻ GVHSS പൂവച്ചലിന് കഴിഞ്ഞു.  JRC, Little Kites എന്നീ ക്ലബുകളിൽ നിന്നും കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിച്ചു വരുന്നു. കലാ കായിക രംഗങ്ങളിൽ സ്കൂൾ മികവ് നിലനിർത്തി വരുന്നു.

വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് ഈ അക്കാദമിക ആസൂത്രണത്തിലൂടെ സാധിക്കുന്നുണ്ട്.  ക്ലാസ് തലത്തിലും വ്യക്തിഗതമായും നടത്താൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്, പ്രാധാന്യം നൽകിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിരിക്കുന്നത്. സമഗ്ര ഗുണമേന്മാ വർഷമായി ആചരിക്കുന്നതിലൂടെ ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിച്ച് അറിവിനെ ജിവിതവുമായി ബന്ധിപ്പിക്കാൻ സാധിക്കട്ടെ. സ്കൂൾ 60-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന 60 പ്രോഗ്രാമുകൾ HS, HSS, VHSE  വിഭാഗങ്ങളിൽ നിന്നും സമുചിതമായി ആഘോഷിച്ചുകൊണ്ട് സ്കൂൾ അതിന്റെ ജൈത്രയാത്ര തുടരുന്നു.

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ | : | വി & എച്ച്.എസ്.എസ്.പൂവച്ചൽ, |
| വിലാസം | : | പൂവച്ചൽ |
| ഫോൺ | : | 0472 2895960 |
| സ്കൂൾ കോഡ് | : | 44020 |
| വിദ്യാഭ്യാസ ഉപജില്ല | : | കാട്ടാക്കട |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | കാട്ടാക്കട |
| ഗ്രാമപഞ്ചായത്ത് | : | പൂവച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളനാട് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | അരുവിക്കര |
| ലോക സഭാ മണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | കാട്ടാക്കട |
| വില്ലേജ് | : | പെരുകുളം |
| ഇ-മെയിൽ | : | govthsspoovachal44020@gmail.com |

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എട്ട് മുതൽ 12-ആം ക്ലാസ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും, അദ്ധ്യയനവും, സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

5. കുട്ടികളെ സമൂഹത്തിൽ ഉയർന്ന മൂല്യമുള്ള തലമുറയുമായി വളർത്തിയെടുക്കുന്നതിനുള്ള വിവിധ പരിപാടികൾ രൂപപ്പെടുത്തൽ.

6. മത്സര പരീക്ഷകളിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിനു വേണ്ടി തയ്യാറെടുപ്പിക്കൽ.

7. കലാ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്നതിന് കുട്ടികളെ സജ്ജമാക്കൽ.

8. കുട്ടികളുടെ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും, പ്രായത്തിനനു ഗുണമായ സമഗ്രവികാസം ലക്ഷ്യം വയ്ക്കുന്നു.

9. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിച്ച് ജിവിതം കെട്ടിപ്പടുക്കുക.

10. വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മമകബുദ്ധിയും എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

11. മാനവികത, സ്നേഹം, മതനിരപേക്ഷചിന്ത, ജനാധിപത്യ ബോധം, ഔചിത്യ ബോധം, തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുക.

12. വിവേകം, വകതിരിവ്, കാര്യകാരണ ബന്ധ പരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി നേടൽ.

13. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ സമഗ്ര ഗുണമേന്മാ വിദ്യഭ്യസത്തിന്റെ ഭാഗമായി അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക.

# വിദ്യാലയത്തിന്റെ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ പൂവച്ചലിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവ: വി.എച്ച്.എസ്.എസ്. പൂവച്ചൽ. 1966-ൽ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ഒരു ഏക്കർ ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈടെക് ക്ലാസ് മുറികളും, ഹൈസ്കൂളിനും ഹയർ സെക്കന്ററിക്കും വൊക്കേഷണൽ ഹയർസെക്കന്ററിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുമുണ്ട്.

ഹെഡ്മിസ്ട്രസ് ശ്രീമതി. ലിനി. എ.കെ, ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ശ്രീമതി. പ്രിയ, വൊക്കേഷണൽ ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ശ്രീമതി. സീമ സേവ്യർ, ഓരോ സെക്ഷനിലേയും അദ്ധ്യാപകർ, പി.റ്റി.എ.യിലെ സഹപ്രവർത്തകർ എന്നിവരുടെ ഉത്തരവാദിത്തത്തോടെയുള്ള പ്രവർത്തനം സ്കൂളിന്റെ വളർച്ചയ്ക്ക് സഹായകമാകുന്നു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും സാമൂഹിക ഇടപെടലുകളിലൂടെയും സമൂഹത്തിന് ഒരു മാതൃകയായി ഒരു സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കലാലയമായി, വിജ്ഞാന കൈമാറ്റത്തിന്റെ അഞ്ച് പതിറ്റാണ്ട് പൂർത്തീകരിച്ച് ഈ കലാലയം മാറുമ്പോൾ കേരളീയ പൊതു വിദ്യാഭ്യാസ മേഖലയിൽ പൂവച്ചൽ മോഡൽ ചരിത്രമാകും. വിദ്യാർത്ഥികളെ മികവുറ്റ പൗരൻമാരായി ഉയർത്തികൊണ്ട് വരാൻ സാഹചര്യമൊരുക്കുന്നതാണ് സ്കൂളിലെ ഓരോ പ്രവർത്തനവും. ഇതിന് തുണയായി എൻ.എസ്.എസ്, കാർഷിക ക്ലബ്, സ്കൌട്ട് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ് ക്ലബ്, മറ്റ് വിവിധ ക്ലബ്ബുകൾ എന്നിവയുണ്ട്. സ്കൂളിന് ആവശ്യമായ സഹായങ്ങളും, പ്രോത്സാഹനവുമായി അധ്യാപകരും. പി.ടി.എയും ഒരേ മനസ്സോടെയാണ് പ്രവർത്തിക്കുന്നത്. പഠിപ്പ് മുടക്കമില്ലാത്ത സ്കൂളിന്റെ പഠന നിലവാരവും ഏറെ മെച്ചമാണ്. മലയാളത്തിലും ഇംഗ്ലീഷ് മീഡിയത്തിലുമായി അധ്യയനം. ഹയർ സെക്കന്ററിയിൽ സയൻസും, കോമേഴ്സും, വി.എച്ച്.എസ്.ഇ-യിൽ ലൈവ് സ്റ്റോക്ക് മാനേജ്മെന്റും, കംപ്യൂട്ടർ സയൻസും നിലവിലുണ്ട്. കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കിട്ടാനുള്ള ശ്രമത്തിലുമാണ്. പുരസ്കാരങ്ങൾ അംഗീകാരമായി ഒന്നിന് പിന്നാലെ ഒന്നായി സ്കൂളിനെ തേടിയെത്തുന്നത് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള ഊർജ്ജമാണ്

നൽകുന്നത്. അക്കാദമിക നിലവാരം ഉയർത്തുന്നതിനോടൊപ്പം വിദ്യാർത്ഥികളിൽ സാമൂഹിക ബോധവും, മത നിരപേക്ഷതയും ഊട്ടി ഉറപ്പിക്കാനാണ് ശ്രമം.

# അധ്യാപകരും വിവരങ്ങളും 2025-26

| ക്രമ നമ്പർ | അദ്ധ്യാപകന്റെ പേര് | ചുമതല |
|---|---|---|
| 1 | ശ്രീമതി . ലിനി. എ.കെ | ഹെഡ്മിസ്ട്രസ് |
| 2 | ശ്രീമതി ജിജിരാജ് | സീനിയർ അസിസ്റ്റന്റ് ഇംഗ്ലീഷ് അധ്യാപിക, GO TECH |
| 3 | ശ്രീ. ഷാജഹാൻ. എം | അറബിക് അധ്യാപകൻ |
| 4 | ശ്രീ. പ്രവീൺ | ഗണിത അധ്യാപകൻ, SITC, YIP |
| 5 | ശ്രീമതി. ജാസ്മിൻ | Chemistry അധ്യാപിക |
| 6 | ശ്രീമതി.രാഖി | മലയാളം അധ്യാപിക,വിദ്യാരംഗം, Little Kites, JRC, ORC Convenor |
| 7 | ശ്രീമതി. ശാലിനി | ബയോളജി അധ്യാപിക, YIP |
| 8 | ശ്രീമതി. റീന. എസ്.പി | Noon Meal, മലയാളം അധ്യാപിക, വിദ്യാജ്യോതി |
| 9 | ശ്രീ. അനിൽകുമാർ | സോഷ്യൽ സയൻസ്, അധ്യാപകൻ, ഇക്കോ ക്ലബ്, JRC, ഗാന്ധി ദർശൻ |
| 10 | ശ്രീമതി. ലിജി | ഹിന്ദി അധ്യാപിക, സുരലീ ഹിന്ദി |
| 11 | ശ്രീമതി. ധന്യ വിക്രമൻ | ഇംഗ്ലീഷ് അധ്യാപിക Little Kites, SRG |
| 12 | ശ്രീ. പ്രമോദ്. പി | കായിക അധ്യാപകൻ, Staff Secretary, Health Club |
| 13 | ശ്രീമതി. ഷീല. ഒ | Clerk |
| 14 | ശ്രീമതി. നയന.എം | OA |
| 15 | ഷാജിനി ജോസ്. ജെ.എൽ | OA |
| 16 | ധനൂഫാ അഷറഫ് | FTM |
| 17 | സിന്ധു | ലൈബ്രേറിയൻ |
| 18 | ബിൻസി | കൗൺസിലർ |
| 19 | സുധാറാണി.എം | സ്പെഷ്യൽ എഡ്യൂകേറ്റർ |

# PTA രക്ഷകർതൃ പ്രതിനിധികൾ

1. PTA പ്രസിഡന്റ് — ശ്രീ. Adv. രാഘവലാൽ
2. PTA വൈസ് പ്രസിഡന്റ് — ശ്രീ. സാം ജോയ്, ഷീജാ ബീവി

**പ്രതിനിധികൾ**

1. സാംജോയ്
2. ഷിബു
3. ഫാത്തിമ. എഫ്
4. ഷാമില. എ.ബി
5. എസ്ഥർ വിജി

**SMC പ്രതിനിധികൾ**

1. അസീം പൂവച്ചൽ (SMC ചെയർമാൻ)
2. ഷംല
3. പ്രകാശ്. വി.എസ്
4. സുഭാഷ്.എസ്
5. ഷീന. വി
6. തൻസീല
7. ഷാഹിദാബീവി. എസ്
8. രഞ്ജിനിലാൽ. വി.വി
9. ബിജു. സി
10. ഷാഫി.എസ്

**MPTA പ്രതിനിധികൾ**

1. രാജി.പി.എസ് (MPTA ചെയർ പേഴ്സൺ)
2. സുധ.ആർ
3. മുബിന. എസ്
4. സഫീറ ബീവി.എ
5. ജുബേരിയ. എ
6. ഷമീമ. എ.എൻ
7. സക്കീന.എ.കെ
8. രമ്യ. വി
9. ഷീബ
10. അനീഷ

# <u>PTA അധ്യാപക പ്രതിനിധികൾ</u>

| | | |
|---|---|---|
| 1. | ശ്രീമതി. പ്രിയ. പി.ബി | PTA സെക്രട്ടറി ( HSS Principal) |
| 2. | ശ്രീമതി. സീമ സേവ്യർ | ജോയിന്റ്സെക്രട്ടറി (VHSE Principal) |
| 3. | ശ്രീമതി. ലിനി. എ.കെ | ട്രഷറർ (Headmistress) |
| 4. | ശ്രീമതി. ജിജിരാജ് | HS |
| 5. | ശ്രീ. പ്രമോദ് | HS |
| 6. | ശ്രീ. സനൽകുമാർ | HSS |
| 7. | ശ്രീ. ശശികുമാർ | HSS |
| 8. | ശ്രീമതി. ഷൈനി | HSS |
| 9. | ശ്രീമതി. Dr. ദീപ | VHSE |

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൌലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കാൻ
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം – അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
2. കരട് രൂപരേഖ SRG, Little Kites, JRC, Subject Club, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
3. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
4. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# ഭൗതിക സൗകര്യങ്ങൾ

സ്കൂളിൽ കാര്യക്ഷമമായ രീതിയിൽ അക്കാദമിക കാര്യങ്ങൾ നടക്കണമെങ്കിൽ ഭൗതിക സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് ആകർഷകമായ രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയം ലഭ്യമാക്കിയിട്ടുണ്ട്.

## ഹൈ-ടെക് ക്ലാസ് റൂമും ലാബും

- എല്ലാ ക്ലാസ് രൂമികളിലും ഹൈ-ടെക് സൗകര്യങ്ങൾ (ലാപ് ടോപ്പ്, പ്രൊജക്ടർ) ഒരുക്കിയിട്ടുണ്ട്.

- കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

## ലൈബ്രറി

- 8061-ൽ പരം പുസ്തകങ്ങൾ ഉള്ള ലൈബ്രറി ഡിജിറ്റലൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു.

- ലൈബ്രേറിയന്റെ സേവനം ലഭ്യമാണ്.

## കൗൺസിലിംഗ റൂം

- കൗൺസിലിംഗിനായി പ്രത്യേകം റൂം തയ്യാറാക്കിയിട്ടുണ്ട്.

## കുടിവെള്ളം

- കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ, സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതി സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്.

## ശുചിമുറികൾ

- ആധുനിക സൗകര്യങ്ങളോടു കൂടിയ ശുചിമുറികൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ക്രമീകരിച്ചിട്ടുണ്ട്.

- പെൺകുട്ടികൾക്ക് ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് ഉണ്ട്.

## സ്കൂൾ സുരക്ഷ

- സ്കൂൾ സുരക്ഷ മുൻ നിർത്തി സ്കൂൾ ചുറ്റുവളപ്പിൽ സി.സി.റ്റി.വി.ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

- വനിതാ സെക്യൂരിറ്റി ഗാർഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

# നിലവിലെ അവസ്ഥാവിശകലനം

**(ബി) ഭൗതിക പരിമിതികൾ**

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർ നിർമ്മിക്കേണ്ടതാണ്.

**(സി) നൂറുമേനിക്കുള്ള നിലമൊരുക്കി സായാഹ്ന ക്ലാസ്**

2025 ജനുവരി മുതൽ എസ്.എസ്.എൽ. സി വിദ്യാർത്ഥികൾക്കുള്ള സായാഹ്ന ക്ലാസ് ആരംഭിച്ചു. അധ്യാപകരുടെ സേവനം വളരെ മികച്ചതായിരുന്നു. കുട്ടികൾ ഈ ക്ലാസുകൾ പരമാവധി പ്രയോജനപ്പെടുത്തി. കുട്ടികൾക്ക് റിഫ്രഷ്മെന്റ് നല്കിയിരുന്നു. എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പരീക്ഷയോടുള്ള ഭയം അകറ്റാനായി കൗൺസിലിംഗ് ക്ലാസ് നടത്തി.

**(ഡി) എസ്.എസ്.എൽ.സി. റിസൾട്ട്**

2025 മാച്ചിലെ എസ്.എസ്.എൽ.സി റിസൾട്ട് നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ എക്കാലവും ഓർമ്മിക്കാവുന്നതാണ്. പരീക്ഷ എഴുതിയ എല്ലാ കുട്ടികളും ജയിച്ചതും, എല്ലാ വിഷയങ്ങൾക്കും $A^+$ നേടിയ 2 വിദ്യാർത്ഥികൾ ഉള്ളതും നേട്ടമാണ്. ഇത് അധ്യാപകർ, അനധ്യാപകർ, രക്ഷിതാക്കൾ, SMC, PTA എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ്.

**പഠന പരിപോഷണ പരിപാടി**

പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ അക്ഷരം പഠിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ളതാണ് ഈ പദ്ധതി. തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസം വൈകുന്നേരം 3.45-PM മുതൽ 4.30 PM വരെ ക്ലാസ് എടുക്കുന്നു. ഒരു കുട്ടിയ്ക്ക് ഒരു അധ്യാപികയെ monitor ആയി നല്കി ഈ പ്രവർത്തനം നടന്നു വരുന്നു.

## യങ് ഇന്നൊവേറ്റേർസ് പ്രോഗ്രാം YIP

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് YIP. ഇതിലേക്ക് പരമാവധി കുട്ടികളെ ഉൾപ്പെടുത്തി ആശയങ്ങൾ രൂപീകരിക്കുകയും, അവരെ Register ചെയ്ത് ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു.

**NMMS**

8-ആം ക്ലാസ്സിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതും, എന്നാൽ പഠനത്തിൽ മിടുക്കരായ കുട്ടികൾക്കു വേണ്ടിയുള്ളതാണ്. National Means cum Merit Scholarship ഇത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പഠന പിന്തുണ നല്കുന്നു.

**HELPING HANDS**

പത്താം ക്ലാസിൽ പഠനത്തിൽ പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്ക് വേണ്ടി നടത്തുന്ന പദ്ധതിയാണിത്. വൈകുന്നേരം 4 മണി മുതൽ 5 മണിവരെയാണ് ക്ലാസുകൾ നടത്തുന്നത്. കുട്ടികളിൽ അക്ഷരം ഉറപ്പിക്കുക, ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുക, ഭാഷാ പഠനം,ഗണിത പഠനം തുടങ്ങിയ മേഖലകളിൽ പഠന പിന്തുണ നൽകുന്നു.

**Our Responsibility to Children**

**(ORC) Project**

സ്വഭാവ -വൈകാരിക-പഠന-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി ശാസ്ത്രീയമായ രീതിയിൽ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തുന്ന പദ്ധതിയാണിത്. വനിതാ ശിശു വികസന വകുപ്പിനു കീഴിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റു വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ.

## 2025-ലെ തനത് പ്രവർത്തനം

തനത് പ്രവർത്തനമായി ഓരോ ക്ലാസിനും ദിനപത്രാധിഷ്ഠിതമായ പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികൾ പത്രം വായിക്കുന്നതിനോടൊപ്പം വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വാർത്തകൾ ശേഖരിക്കുകയും ചെയ്യുന്നു. ശേഖരിക്കുന്ന വാർത്തകൾ ഫയലുകളിൽ സൂക്ഷിക്കുകയും മാസംതോറും വിലയിരുത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| പരസ്യ ശേഖരണം | - | 8 A |
| നേർക്കാഴ്ച | - | 8 B |
| കാഴ്ചപ്പാട് | - | 8 C |
| കായികം | - | 9 A |
| സാമ്പത്തികം | - | 9 B |
| പ്രധാന വാർത്തകൾ | - | 10 A, 10 B |

എന്നിങ്ങനെയാണ് വിഭജിച്ച് കൊടുക്കുന്നത്. ക്ലാസിലെ ഓരോ കുട്ടികളെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്യുന്നു. അതിനോടൊപ്പം ഓരോ ക്ലാസിലും പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അക്ഷരം ഉറപ്പിക്കൽ എന്ന പ്രവർത്തനം ഭാഷാ വിഷയങ്ങളിൽ നടത്തുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം | കളിസ്ഥലം | പി.ടി.എ. ശക്തിപ്പെടുത്തൽ |
| ഗണിത ശേഷി വികസനം | വിശ്രമമുറി | എസ്.എം.സി, എസ്.എം.ഡി.സി |
| ഇംഗ്ലീഷ് പഠന പരിപോഷണം | അടുക്കള | കാര്യക്ഷമമാക്കൽ |
| ശാസ്ത്രപോഷണ പരിപാടി | മാലിന്യ സംസ്കരണം | വിദ്യാലയ വികസന സമിതി |
| വായനാ പരിപോഷണം | ജന്മദിനത്തിനൊരു | പൂർവ്വ വിദ്യാർത്ഥി |
| ലൈബ്രറി ശാക്തീകരണം | പുസ്തകം | സംഘടയുടെ പ്രവർത്തനം |
| ലബോറട്ടറി ആധുനികവത്ക്കരിക്കൽ | ചിത്രരചന | എസ്.എസ്.ജി |
| പ്രതിഭാപോഷണ പരിപാടി | എന്റെ വീട്ടിലും | എൽഎസ്.ജി. ബന്ധം |
| ജൈവ വൈവിധ്യ പാർക്ക് | ഒരു കൃഷിത്തോട്ടം | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, |
| സാഹിത്യ പോഷണ പരിപാടികൾ | എനിക്കും പറയാനുണ്ട് | സന്നദ്ധസംഘടനകൾ, |
| പഠനയാത്രകൾ | ഭാഷോത്സവം | വിദ്യാഭ്യാസ പ്രവർത്തകൻ, |
| സെമിനാറുകൾ | ഗണിതോത്സവം | പൂർവ്വാധ്യാപകർ |
| കലാ-കായികമേള | | സഹകരണ സ്ഥാപനങ്ങൾ, |
| ഐ.ടി. പരിശീലനം | | വ്യവസായ ഗ്രൂപ്പുകൾ |
| അദ്ധ്യാപക ശാക്തീകരണ | | എന്നിവയുടെ സേവനം |
| പരിപാടികൾ | | പ്രയോജനപ്പെടുത്തൽ |
| ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | | ക്ലാസ്സ് പി.ടി.എ |
| സ്കൂൾ പത്രം / മാസിക | | മാതൃകാപരമാക്കുന്നതിനുള്ള |
| പ്രവൃത്തി പരിചയപഠനം | | നടപടികൾ |
| എസ്.ആർ.ജി. ശാക്തീകരണം | | വിദ്യാലയ മികവുകൾ |
| ശാസ്ത്രാഭിരുചി വളർത്തൽ | | പൊതുസമൂഹമായി പങ്കിടൽ |
| പച്ചക്കറിത്തോട്ടം | | വിദ്യാലയ വിഭവങ്ങൾ |
| രചനാ ശില്പശാല | | സമൂഹത്തിന് കൂടി |
| അഭിമുഖങ്ങൾ | | പ്രയോജനപ്പെടുത്തൽ |
| മെഡിക്കൽ ക്യാമ്പ് | | പഠനക്കൂട്ടം |
| പോഷകാഹാര പരിപാടി | | പ്രാദേശിക പി.ടി.എ |
| ഗണിതലാബ്, | | ഭവന സന്ദർശനം. |
| ഗണിതാന്തരീക്ഷമൊരുക്കൽ | | |
| ഭാഷാലാബ് | | |
| ബ്ലോഗ് | | |
| മൂല്യനിർണ്ണയം, | | |
| നിരന്തരവിലയിരുത്തൽ | | |
| ദിനാചരണം | | |
| കായിക പഠനം | | |
| ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനം പ്രീടെസ്ററ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ) | 1 അക്ഷരം ഉറപ്പിക്കൽ<br>2 ചിഹ്നം ഉറപ്പിക്കൽ<br>3 പദ നിർമ്മാണം<br>4 വാചക നിർമ്മാണം<br>5 ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ്. | ജൂൺ ജൂലൈ | മലയാളം ടീച്ചർ, SRG | |
| 2 വായനാ വാരം | വായനാ ദിനത്തോടനുബന്ധിച്ച് വായനാവാരം | ജൂൺ 19-24 | | |
| 3 ബഷീർ ദിനാചരണം | വിവിധ മത്സരങ്ങൾ | ജൂലൈ 5 | മലയാളം അധ്യാപകർ | |
| 4 ഫീൽഡ് ട്രിപ്പ് | ആശാൻ സ്മാരക സന്ദർശനം | ഒക്ടോബർ | മലയാളം അധ്യാപകർ | |
| 5 എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>3 വായനക്കാരുടെ വാർഷിക പദ്ധതി (ഓരോ ക്ലാസിലെയും വായനാലക്ഷ്യം<br>4 തീരുമാനിക്കൽ സ്കൂൾ ലൈബ്രറി<br>5 ഡിജിറ്റിലൈസേഷൻ റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>6 വായനോത്സവം<br>7 ജന്മദിന പുസ്തകം പത്രവായന | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>ജൂലൈ<br>ജൂൺ<br>ജൂൺ<br>ജൂൺ മുതൽ | | |
| 6 സർഗ്ഗ ശേഷി വികസനം | കവിതാ രചന, കഥാ രചന മത്സരങ്ങൾ സാഹിത്യ ക്വിസ് പുസതക പരിചയം (അധ്യാപകൻ) | ഒക്ടോബർ ഓരോ 2 മാസ കൂടുംമ്പോഴു | വിദ്യാരംഗം വിദ്യാർത്ഥം | |
| 7 വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെയുള്ള | മലയാലം അധ്യാപകർ | പി.ടി. എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | |
|---|---|---|---|---|
| 1 ഹിന്ദി ഭാഷയോട് അഭിരുചി വർദ്ധിപ്പിക്കാൻ | ദിനാചരണ പ്രവർത്തനങ്ങളിൽ ഹിന്ദിചാർട്ട് പ്രദർശനം, പ്ലക്കാർഡ് തുടങ്ങിയവ | ഓരോ മാസം ജൂൺ മുതൽ മാർച്ച വരെ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |
| 2 വായന പ്രോത്സാഹിപ്പിക്കുക | ഹിന്ദി പുസ്തക വായന പ്രോത്സാഹിപ്പിക്കന്നതിന് പാഠത്തിന്റെ നിശ്ചിത ഭാഗം മത്സരാടിസ്ഥാനത്തിൽ വായിപ്പിക്കുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളി ലും | അധ്യാപകർ | |
| 3 ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ | ജനുവരി | ഹിന്ദി ക്ലബ് | |
| 4 രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി ഭാഷയുടെ വ്യാപകത്വം | ഹിന്ദി ദിവസമായി ആചരിക്കൽ<br>സ്കൂൾ അസംബ്ലി ഹിന്ദിയിൽ നടത്തുക.<br><br>സ്കൂളിൽ ഹിന്ദി വാർത്തകൾ സാഹിത്യ പ്രവദർശനം കുട്ടികളുടെ രചനകളുടെ പ്രദർശനം | സെപ്റ്റംബർ<br><br><br>ജൂൺ മുതൽ മാർച്ച് വരെ | | |
| 5 പാഠഭാഗങ്ങളുടെ പൂർത്തീകരണം | ഹൈസ്കൂൾ പാഠ ഭാഗങ്ങൾ മാസത്തിൽ 1 തവണ വീതം സബ്ജക്ട് കൗൺസിൽ കൂടി സമയബന്ധിതമായി പൂർത്തീകരിക്കുക.<br>കുട്ടികൾക്ക് ഓരോ സമയത്തും നേടാനുള്അള ശേഷികൾ കിട്ടിയെന്ന് ഉറപ്പ് വരുത്തുന്നു. ടെസ്റ്റുകളിലൂടെ പരീക്ഷാ മോഡൽ കുട്ടികൾക് ഹൃദിസ്ഥമാക്കാനും പരീക്ഷ, പരിശീലനത്തിനും അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

# ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 1. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന- പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ ഓരോ ക്ലാസിനും ഓരോ പത്രം. രാവിലെ പ്രധാന പത്ര വാർത്തകളടെ അവതരണം, പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്ജ്<br>മലയാളം അധ്യാപകർ | |
| 2 സർഗ്ഗ ശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത, കഥ) കവിതാലാപന മത്സരം<br>ക്ലാസ് തല സ്കൂൾ തല പത്രം, പ്രസിദ്ധീകരിക്കൽ<br>പുസ്തക ചർച്ച, പുസ്തകാസ്വാദനം, ഇ-വായന<br>സാഹിത്യകാരനുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം ) | വർഷത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ 1തവണ<br>വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- 2025-26 ഹിന്ദി

## ആമുഖം

ഹിന്ദി നമ്മുടെ ദേശീയ ഭാഷയായതുകൊണ്ടുതന്നെ ഏറെ പ്രാധാന്യത്തോടെ വിദ്യാർത്ഥികൾ പഠിച്ചിരിക്കേണ്ടതായ ഒരു വിഷയമാണ് ഹിന്ദി. എന്തുകൊണ്ടോ അർഹാമായൊരു പ്രാധാന്യം ഇതിനുണ്ടാകുന്നതായി കാണുന്നില്ല. വിദ്യാലയങ്ങളിൽ ഹിന്ദി ഒരു പാഠ്യവിഷയമായതുകൊണ്ടുതന്നെ മറ്റു വിഷയങ്ങൾക്കൊപ്പം ഹിന്ദിയും പഠിക്കുകയും പത്താംതരത്തിനുശേഷം അവ പൂർണ്ണമായും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന പ്രവണതയാണ് നാം സാധാരണയായി കണ്ടുവരാറുള്ളത്. അതുകൊണ്ട്തന്നെ ഹിന്ദി ഭാഷയ്ക്ക് സമൂഹത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ അധ്യാനവർഷത്തെ വാർഷിക രൂപരേഖകൊണ്ട് ലക്ഷ്യമിടുന്നത്. അതിനുതകുന്ന പരിപാടികളാണ് ഇത്തവണയും ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടേയും സഹകരണവും വിദ്യാർത്ഥികളുടെ സാനിധ്യവുമുണ്ടെങ്കിൽ ഈ അദ്ധ്യയനവർഷത്തെ മുഖ്യനേട്ടങ്ങളിലൊന്നായി ഹിന്ദി ഭാഷാപഠന ക്ലാസുകൾ മാറുമെന്നതിൽ സംശയമില്ല.

A. പഠന പ്രവർത്തനങ്ങൾ

B. പഠനേതര പ്രവർത്തനങ്ങൾ

### പഠനപ്രവർത്തനങ്ങൾ

1. **സുരീലി ഹിന്ദി**

   ഭാഷാപരമായ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഏതാനും കുട്ടികൾ വിദ്യാലയത്തിലുണ്ട്. അത്തരം കുട്ടികളെ കണ്ടെത്തി അവർക്കായി IT സാങ്കേതിക വിദ്യയുടെ സഹായത്തോടെയും സുരീലി ഹിന്ദിയുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തിയും പ്രത്യേകമായ അക്ഷരക്ലാസുകൾ നൽകി വരുന്നു.

2. ഹിന്ദി ക്ലാസ് മുറികൾ രസകരമാക്കുന്നതിന് സംഭാഷണം സ്കിറ്റ്, നാടകം, കവിത മുതലായവ ശബ്ദ ദൃശ്യരൂപത്തിൽ തയ്യാറാക്കുകയും അവ ഹിന്ദി അസംബ്ലിയിലൂടെ വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. കൂടാതെ ഏറ്റവും മികച്ച സൃഷ്ടിക്ക് പ്രത്യേകമായ സമ്മാനം നൽകുകയും ചെയ്യുന്നു.
3. ഇന്നത്തെ വാക്ക് എന്ന പ്രവർത്തനം മത്സരരൂപത്തിൽ സംഘടിപ്പിക്കുകയും അതിൽ വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു.

4. ഹിന്ദി ഭാഷയിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ കെട്ടിടങ്ങൾ, മുറികൾ മുതലായവയുടെ നാമങ്ങൾ ആംഗലേയഭാഷയോടൊപ്പം തന്നെ ഹിന്ദി ഭാഷയിലും ആലേഖനം ചെയ്ത് പ്രദർശിപ്പിക്കുന്നു.

പഠനേതര പ്രവർത്തനങ്ങൾ

1. വിദ്യാർത്ഥികൾക്ക് ഹിന്ദി ഭാഷയോട് താൽപ്പര്യം ജനിപ്പിക്കുന്നതിനായി പ്രത്യേക അസംബ്ലി സംഘടിപ്പിക്കും.
2. ഹിന്ദി കയ്യെഴുത്ത് മാസിക, ഡിജിറ്റൽ മാസിക എന്നിവ നടപ്പിലാക്കുന്നതിനായി പരിശ്രമം നടത്തിവരുന്നു.
3. ഹിന്ദി എന്നത് ദേശീയ ഭാഷയായതുകൊണ്ടുതന്നെ വിദ്യാർത്ഥികൾ ഹിന്ദി ഭാഷ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ വിദ്യാർത്ഥികൾക്ക് ദേശീയ ഭാഷയോടുള്ള ആദരവും അവ പഠിക്കുന്നതിനുള്ള താൽപ്പര്യവും ജനിപ്പിക്കുന്നതിന് ദിനാചരണങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ആയതിനാൽ ഹിന്ദി ഭാഷ ദിനാചരണങ്ങളായ പരിസ്ഥിതി ദിനം, വായനാദിനം, സ്വാതന്ത്ര്യദിനം, പ്രേംചന്ദ് ജയന്തി, ഹിന്ദി ദിനം, റിപ്പബ്ലിക് ദിനം മുതലായ പ്രത്യേക ദിനാചരണ പരിപാടികളും അസംബ്ലിയും സംഘടിപ്പിക്കുന്നു. ഇത്തരം ദിനാചരണ പരിപാടികൾക്ക് മുന്നോടിയായ് അനുബന്ധമായ മത്സര പരിപാടികളും നടത്തിവരുന്നു. (അക്ഷരമരം, വായനാക്കുറിപ്പ്, വായനാമത്സരം, കയ്യെഴുത്ത് മത്സരം, കവിതാ പാരായണം, പോസ്റ്റർ രചന, ഹിന്ദി പ്രശ്നോത്തരി മുതലായവ) പ്രസ്തുത ഇനങ്ങളിൽ വിജയികളായവർക്ക് ദിനാചരണത്തോട് അനുബന്ധമായി സംഘടിപ്പിക്കുന്ന പ്രത്യേക അസംബ്ലിയിലോ യോഗ പരിപാടികളിൽ വച്ചോ സമ്മാന വിതരണം നടത്തുന്നു.
4. സുരീലീവാണി

ദേശീയ ഭാഷയായ ഹിന്ദിയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു ഉദ്യമമാണ്. ആയതിനാൽ പ്രത്യേകമായ ചില പഠന തന്ത്രങ്ങളിലൂടെമാത്രമെ അവ സാധ്യമാകുകയുള്ളൂ. അതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗവാസനകളെ ഹിന്ദി ഭാഷയിലൂടെത്തന്നെ പ്രകടിപ്പിക്കാനുതകുന്ന വിധത്തിലുള്ള പരിപാടികൾ ഓഫ് ലൈനായും ഓൺലൈനായും സംഘടിപ്പിക്കുന്നു.

## ഉപസംഹാരം

മറ്റു ഉപ വിഷയങ്ങളിൽ നിന്നും വ്യത്യസ്ഥമായി മാതൃഭാഷയ്ക്ക് തുല്യമായിത്തന്നെ പഠിക്കേണ്ടതായൊരു വിഷയമാണ് ഹിന്ദി. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളിൽ ദേശീയ ഭാഷയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നത് പ്രതിവർഷത്തെ മുഖ്യപരിപാടികളിൽ പ്രധാനമാണ്. എന്നാൽ അത്ര അനായാസം പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു ഉദ്യമമല്ല അത്. അതിനാൽ ഹിന്ദി ഭാഷയ്ക്ക് പ്രാധാന്യം നൽകുന്നതിനും കുട്ടികളിൽ പ്രത്യേക താൽപ്പര്യം ജനിപ്പിക്കുന്നതുമായ പരിപാടികൾ ആസൂത്രണം ചെയ്യുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. അതിനായി മേൽ സൂചിപ്പിച്ചപ്രകാരമുള്ള പ്രത്യേക അസംബ്ലികൾ, യോഗ പരിപാടികൾ മത്സരങ്ങൾ മുതലായ പരിപാടികളിലൂടെ കുട്ടികളെ ഭാഷയിലേക്ക് ആകൃഷ്ടരാക്കുകയും അതിലൂടെ അവരെ ഭാഷാ പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അതിനായുള്ള അശ്രാന്ത പരിശ്രമങ്ങളാണ് മുൻവർഷങ്ങളെപ്പോലെ ഇത്തവണയും നടത്താനായി നിശ്ചയിച്ചിരിക്കുന്നത്. എല്ലാവിധത്തിലും അതിനുതകുന്നതായിരിക്കും ഈ അധ്യയനവർഷം എന്നുതന്നെയാണ് കരുതുന്നത്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ ഭൗതികം | ❖ സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസവസ്തുക്കളും,ഫിസിക്സ് , കെമിസ്ട്രി, ബയോളജി,എന്നിങ്ങനെ തരം തിരിച്ച് ക്രമീകരിക്കൽ | ജൂൺ | സയൻസ് ക്ലബ് | ---- |
| ❖ അക്കാദമികം | ❖ ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത,ശാസ്ത്രം ജനനന്മയക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | സെപ്റ്റംബർ നവംബർ | സയൻസ് ക്ലബ് | |
| ❖ അക്കാദമികം | ❖ ശാസ്ത്രത്തിൽ താൽപര്യം വളർത്താൻ ശാസ്ത്രാനുബന്ധ ക്വിസ് പ്രോഗ്രാം | 2 മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | |
| ❖ അക്കാദമികം | ❖ സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരാമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| ❖ അക്കാദമികം | ❖ ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. | 3 മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | |

## <u>ലക്ഷ്യങ്ങൾ</u>

- ലാബ് ശാക്തീകരണത്തിനുള്ള പദ്ധതി
- ശാസ്ത്രം ജന നൻമയ്ക്ക്
- ശാസ്ത്ര നിലവാരം ഉയർത്തുന്നതിനുള്ള പരിശീലന ക്ലാസ്
- ശാസ്ത്ര മേളയിൽ പങ്കാളിത്തം ഉറപ്പാക്കൽ
- ലഘു പരീക്ഷണങ്ങൾ ചെയ്യൽ
- ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ
- ശാസ്ത്ര വിഷയങ്ങൾ ലളിതമാക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ബയോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അക്കാദമികം | ❖ പരിസ്ഥിതി വാരാഘോഷം<br>❖ Plastic free Campus<br>❖ Distribution of ecofriendly Paper basket in all classroom | June 5 to July<br>1 Year<br>June | ജീവശാസ്ത്ര അധ്യാപർ, സ്കൂൾ PTA SMC ജീവശാസ്ത്ര അധ്യാപകർ | |
| 2 ഭൗതികം & അക്കാദമികം | ❖ ബയോളജി ലാബ് നവീകരണം.<br>❖ ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>❖ വേണ്ട സാമഗ്രികളുടെയും വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ<br>❖ വാങ്ങിയ ഉപകരണങ്ങളുടെ ക്രമീകരണം | 1 Year | ജീവശാസ്ത്ര അധ്യാപകർ, School PTA,SMC | |
| 3 ഭൗതികം അക്കാദമികം | ❖ Grow bag Cultivation<br>❖ മൈക്രോ സ്കോപ്പ് പരിചയപ്പെടൽ, ഉപയോഗിക്കാനുള്ള ശേഷി നേടുക. | ആഗസ്റ്റ് | ജീവശാസ്ത്ര അധ്യാപകൻ | |
| 4 ഭൗതികം അക്കാദമികം | ❖ Setting Up of green Corner in class rooms | 1 Year | ജീവശാസ്ത്ര അധ്യാപകൻ | |
| 5 അക്കാദമികം സാമൂഹികം | ❖ Activity Against Drug Abuse<br>❖ Displaying awareness posters in School Campus<br>❖ Conduct Awareness Classes | ജൂൺ ജൂലൈ | Science Club | |
| 6 അക്കാദമികം | ❖ Millets day ആചരണം<br>❖ Millets ഉപയോഗിച്ച് വിവിധ പോഷക ആഹാരങ്ങൾ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു.<br>❖ Conduct Classes on importance of Millets | December | Science Club | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധ ശേഷികളുടെ വികസനം പ്രധാന ദിനങ്ങളിലൂടെ കുട്ടികളിൽ എത്തിക്കുന്നു അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനു വേണ്ട പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. | ദിനാചരണം<br>ജൂൺ 5 - ലോക പരിസ്ഥിതി ദിനം<br>ജൂൺ 21- അന്താരാഷ്ട്രയോഗാ ദിനം<br>ജൂലൈ 11 – ലോക ജനസംഖ്യാദിനം<br>ആഗസ്റ്റ് 6 – ഹിരോഷിമദിനം<br>ആഗസ്റ്റ് 9 – നാഗസാക്കി ദിനം<br>ആഗസ്റ്റ് 15- സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5- അധ്യാപക ദിനം<br>ഒക്ടോബർ 2 – ഗാന്ധി ജയന്തി<br>ഒക്ടോബർ 16- ലോകാരോഗ്യ ദിനം<br>നവംബർ 1- കേരള പിറവി<br>ഡിസംബർ 10 – ലോക മനുഷ്യാവകാശ ദിനം<br>ജനുവരി 12- യുവജന ദിനം<br>ജനുവരി 26 – റിപ്പബ്ലിക് ദിനം<br>ജനുവരി 30 – രക്തസാക്ഷി ദിനം<br>മാർച്ച് 8 - വനിതാദിം<br>മാർച്ച് 22 – ജലദിനം<br>മാർച്ച് 23 – കാലാവസ്ഥ ദിനം | ജൂൺ മുതൽ മാർച്ച് വരെ | SRG<br>സ്കൂൾ സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| 2 ജനാധിപത്യ മൂലങ്ങൾ വളർത്തിയെടുക്കുന്നതിന് | ❖ **മോക്ക് പാർലമെന്റ്**<br>പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ഒക്ടോബർ | സ്കൂൾ പാർലമെന്റ് | |
| 3 പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ ചുമർ ചിത്രങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | ❖ **പഠനയാത്രകൾ**<br>❖ സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>SRG | |

| | | | | |
|---|---|---|---|---|
| 4 ആനുകാലിക വിഷയങ്ങളെ ക്കുറിച്ച് കൂടുതൽ അറിവ് നേടാൻ സാമൂഹ്യ ശാസ്ത്ര പഠനം,ആസ്വാദകരമാക്കൽ | ❖ ഡിബേറ്റ്<br>സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെ ക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പഠന ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | സെപ്റ്റംബർ നവംബർ | SRG | |
| 6 കാലാവസ്ഥ വ്യതിയാനം അതിനനുസരിച്ചുള്ള കാർഷിക സംസ്കാര വളർത്തിയെടുക്കൽ | ❖ അഭിമുഖം<br>❖ സാമൂഹ്യ ശാസ്ത്ര മേഖലയിൽ പ്രശസ്തരായ വ്യക്തികളെ സ്കൂളി ലേക്ക് ക്ഷണിച്ച് അവരുവമായി സംവിദക്കൽ.<br>❖ സ്ഥലനാമ ചരിത്രം പരിചയപ്പെടൽ<br>❖ കർഷകരുമായി അഭിമുഖം | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| 7 പരിമിതിയുള്ള കുട്ടികലെ അത് മറികടക്കാനുള്ള പിന്തുണ നൽകും | ❖ കാലാവസ്ഥ വ്യതിയാനം<br>❖ കാലാവസ്ഥ ഉച്ചകോടി സംഘടിപ്പിക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | | |

**ലക്ഷ്യങ്ങൾ:-**

- സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ.
- സാമൂഹിക ശാസ്ത്ര അറിവുകളെ ശാസ്ത്രീയമായി അപ്ഡേറ്റ് ചെയ്യൽ.
- ജ്ഞാന നിർമ്മിതി വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
- ലിംഗ സമത്വം സ്ത്രീ സുരക്ഷ മുൻനിർത്തിയുള്ള പഠന രീതികൾ അവലംബിക്കൽ.
- കാലാവസ്ഥ വ്യതിയാനം അതിനനുസരിച്ചുള്ള കാർഷിക സംസ്കാരം വളർത്തിയെടുക്കൽ.
- അവനവന്റെ മാലിന്യം അവനവൻ തന്നെ സംസ്കിരക്കുന്നതിനുള്ള മാലിന്യ സംസ്കരണം വളർത്തിയെടുക്കൽ.
- ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ
- പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കൽ.
- കാലിക പ്രസ്ക്തിയുള്ള സാമൂഹിക വിഷയങ്ങളിൽ അറിവ് നേടുക.
- സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രാപ്തി നേടിയെടുക്കൽ.
- പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ആനുകാലിക വിഷയങ്ങളിൽ നിഗമനങ്ങൾ രൂപീകരിക്കുക.
- അറിവധിഷ്ഠിത സമൂഹത്തിൽ എത്തിച്ചേരുക

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ആശയാധാരണ കൈവരിക്കൽ | ഗണിതത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു | ജൂൺ-ആഗസറ്റ് | ഗണിതാധ്യാപകൻ | |
| 2 ഗണിതത്തിൽ താല്പര്യം ഉണ്ടാക്കൽ | ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുക.<br>ICT ഉപയോഗം | വർഷം മുഴുവൻ | ഗണിതാധ്യാപകൻ | |
| 3 ഗണിതാശയങ്ങൾ ഉറപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ , പഠന സഹായികൾ പട്ടികപ്പെടുത്തുക, നിർമ്മിക്കുക. | 1 വർഷം മുഴുവൻ | ഗണിതാധ്യാപകൻ | |
| 4 പരസ്പര സഹായത്തോടെ ആശയങ്ങൾ കൈവരിക്കൽ | ഗണിത ക്ലാസിക് | വർഷം മുഴുവൻ | ഗണിത അധ്യാപകർ മുന്നോക്കം നില്കുന്ന കുട്ടികൾ | |
| 5 അമൂർത്ത ആശയങ്ങളെ മൂർത്തരൂപത്തിലാക്കി ആശയം മനസ്സിലാക്കുന്നു. | ഗണിത ക്ലബ് പ്രവർത്തനങ്ങൾ | മാസംതോറും | ഗണിത അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| 6 ഗണിത ലാബ് | ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കാൻ ജാമിതീയ രൂപങ്ങളും വർക്കിംഗ് മോഡലുകൾ സജ്ജീകരിക്കുക. | വർഷം മുഴുവൻ | ഗണിത ടീച്ചർ ക്ലബ്ബ് അംഗങ്ങൾ | |

## മേഖല : ഇംഗ്ലീഷ് (HS)

**നിർദ്ദേശങ്ങൾ:-**

- Language Lab നിർമ്മാണം
- 50 കുട്ടികൾക്ക് ഇരിക്കാവുന്ന രീതിയിലുള്ള Language Lab അനുവദിച്ചു കിട്ടുക.
- അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി ക്രമീകരിക്കുക.
- ക്ലാസ് ലൈബ്രറികൾ സജ്ജീകരിക്കുക.

**ലക്ഷ്യങ്ങൾ**

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് സംസാരിക്കുവാനും കേട്ടു മനസ്സിലാക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിച്ചെടുക്കുക.
- മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
